**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1758** **04-02-2026-ൽ മറുപടിയ്ക്ക്**

**<u>മാധവകവി മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** മലയിൻകീഴ് മാധവകവി മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിൽ കിഫ്ബി മുഖാന്തിരം നടന്ന കെട്ടിട നിർമ്മാണങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; അടങ്കൽ തുക, കെട്ടിടങ്ങളുടെ വിസ്തീർണ്ണം, ഉപയോഗം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

**<u>മറുപടി:</u>** മലയിൻകീഴ് മാധവകവി മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ട് ഹോസ്റ്റൽ ബ്ലോക്ക്, ക്യാന്റീൻ ബ്ലോക്ക്, അക്കാദമിക് ബ്ലോക്ക് എന്നിവയാണ് നിർമ്മിച്ചിട്ടുള്ളത്. ടി നിർമ്മാണ പ്രവൃത്തി 31.05.2025 ൽ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്കായി ആകെ 9,93,63,175.39/- രൂപ (ഒൻപത് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി അറുപത്തിമൂന്നായിരത്തി ഒരുനൂറ്റി എഴുപ ത്തിയഞ്ച് രൂപ മുപ്പത്തിയൊൻപത്ത് പൈസ മാത്രം) അനുവദിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ വിസ്തീർണ്ണം, ഉപയോഗം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന് ധമായി ചേർക്കുന്നു.

**(ബി)** പ്രസ്തുത കോളേജിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 2020 ൽ 'എം. കോം ഇന്റർനാഷണൽ ട്രേഡ് ' എന്ന ന്യൂ ജനറേഷൻ പി.ജി കോഴ്സ് ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**